"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് - 2018-19 വാർഷിക പദ്ധതി - കാർഷിക കർമ്മസേന സംഘത്തിന് മൊബൈൽ വിപണി-പിക് അപ് വാൻ വാങ്ങിയ നടപടി -സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

**സ.ഉ.(സാധാ) നം.595/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/03/2020

---

പരാമർശം:- 1 ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.01.2020-ലെ അപേക്ഷ .

2 പഞ്ചായത്ത് ഡയറക്ടറുടെ 23.10.2019 ലെ ജെ 1 / 20909 /2018 നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28/01/2020-ലെ 4.36 നമ്പർ തീരുമാനം

**ഉത്തരവ്**

2018-19ൽ ചെറുന്നിയൂർ കാർഷിക കർമ്മസേന സംഘത്തിന് മൊബൈൽ വിപണി എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 5.50 ലക്ഷം രൂപ ഉപയോഗിച്ച് ഒരു പിക് അപ് വാൻ വാങ്ങിയിരുന്നു. ഗ്രാമപഞ്ചായത്ത് വിഹിതം 50,000/- രൂപ കൂടാതെ ബ്ലോക്ക് വിഹിതം 2,50,000/- രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ട് 2,00,000/- രൂപയും ഉണ്ട്. വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി വാങ്ങണമെന്ന് ഉത്തരവുണ്ടായിരുന്നുവെങ്കിലും ലോകസഭാ തെരഞ്ഞെടുപ്പ് സമയമായതിനാൽ അനുമതി വാങ്ങിയിരുന്നില്ല. പ്രസ്തുത പദ്ധതിക്ക് സാധൂകരണം നൽ കണമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.ചെറുന്നിയൂർ ഗ്രാമപഞ്ചായത്തും കൃഷി ഭവനും ചെറുന്നിയൂർ കാർഷിക കർമ്മസേന സംഘവും ചേർന്ന് ഒരു പുത്തൻ കാർഷിക സംസ്കാരം വളർത്തി കൊണ്ട് വരുന്നതിനുള്ള ശ്രമത്തിലായതിനാലും നിലവിലുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് GeM വഴിയാണ് വാഹനം വാങ്ങിയിട്ടുള്ളത് എന്നതിനാലും കാർഷിക കർമ്മസേന സംഘത്തിന് മൊബൈൽ വിപണി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പിക് അപ് വാൻ വാങ്ങിയ നടപടിക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. കാർഷിക കർമ്മസേനയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനാണ് പിക് വാൻ വാങ്ങിയിരിക്കുന്നത് എന്നതിനാൽ പരാമർശം 3 ന്റെ അടിസ്ഥാനത്തിൽ ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് 2018-19 ൽ ചെറുന്നിയൂർ കാർഷിക കർമ്മസേന സംഘത്തിന് മൊബൈൽ വിപണി എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പിക് അപ് വാൻ വാങ്ങിയ നടപടിക്കു സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ